Malappuram District Police

## 30/04/2018 മലപ്പുറം

മലപ്പുറം: മുണ്ടുപറമ്പിൽ വാടക വീട്ടില് താമസക്കാരനായിരുന്ന മലബാര് ലൈറ്റ് ആന്റ് സൗണ്ട് ഉടമ ഉമ്മത്തൂർ സ്വദേശി പോത്തഞ്ചേരി ബഷീറിനെ (52) ആസിഡ് ഒഴിച്ച് കൊന്ന കേസിൽ ഭാര്യ അറസ്റ്റിൽ. ചാപ്പനങ്ങാടി സ്വദേശി സുബൈദ(48)യാണ് ഒരാഴ്ച നീണ്ട അന്വേഷണത്തിനൊടുവിൽ പിടിയിലായത്.

20ന് രാത്രിയാണ് സംഭവം. ഉറങ്ങിക്കിടക്കുകയായിരുന്ന ഭർത്താവിന്റെ മുഖത്തും ശരീരത്തിലേക്കും ആസിഡ് ഒഴിച്ച് പൊള്ളലേൽപ്പിക്കുകയായിരുന്നു.

ഗുരുതരമായ പൊള്ളലേറ്റ ബഷീറിനെ ആദ്യം മലപ്പുറത്തെ സ്വകാര്യ ആശുപത്രിയിലും പിന്നീട് കോഴിക്കോട് മെഡിക്കൽ കോളജിലും പ്രവേശിപ്പിച്ചു.

ചികിത്സയിലായിരിക്കേ 22ന് രാത്രിയോടെയാണ് ബഷീർ മരിച്ചത്.

തുടക്കം മുതലേ സുബൈദയെ കേന്ദ്രീകരിച്ചായിരുന്നു പോലീസ് അന്വേഷണം നീങ്ങിയത്. ബഷീർ-സുബൈദ ദമ്പതികൾക്ക് മൂന്നുമക്കളാണ് ഉള്ളത്.

ബഷീറിന്റെ മരണത്തെ തുടർന്ന് മക്കള് കൈയൊഴിഞ്ഞ സുബൈദയെ പോലീസ് ഇടപെട്ട് ഷെൽട്ടര് ഹോമിലേക്ക് മാറ്റുകയായിരുന്നു.

ദിവസങ്ങള് നീണ്ട ചോദ്യം ചെയ്യലിനൊടുവില് കഴിഞ്ഞ ദിവസമാണ് സുബൈദയെ പോലീസ് കസ്റ്റഡിയിലെടുത്തത്.

അറസ്റ്റ് രേഖപ്പെടുത്തിയ ശേഷം വിവിധ സ്ഥലങ്ങളിലെത്തിച്ച് പോലീസ് തെളിവെടുത്തു. മറ്റു സ്ത്രീകളുമായി ഭർത്താവിന് ബന്ധമുണ്ടെന്ന സംശയമാണ് ആസിഡ് ആക്രമണത്തിന് പിന്നിലെന്ന് സുബൈദ പോലീസിന് മൊഴിനൽകിയിട്ടുണ്ട്.

നിലമ്പൂർ മജിസ്ട്രേറ്റിന് മുന്നില് ഹാജരാക്കിയ സുബൈദയെ റിമാൻഡ് ചെയ്തു.